*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

185th Issue - Volume 5, No. 19 **ജാഗ്രത** 20th May 2011

"ആകയാൽ ക്രിസ്തുവിൽ എന്തെങ്കിലും ആശ്വാസമോ സ്നേഹത്തിൽ നിന്നുള്ള സാന്ത്വനമോ ആത്മാവിലുള്ള കൂട്ടായ്മയോ എന്തെങ്കിലും കാരുണ്യമോ അനുകമ്പയോ ഉണ്ടെങ്കിൽ നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട്, ഒരേ സ്നേഹത്തിൽ വർത്തിച്ച്, ഒരേ ആത്മാവും ഒരേ അഭിപ്രായവും ഉള്ളവരായി എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ.

(ഫിലിപ്പി 2 :1-2)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



St. Pope John I

## പ്രധാന വാർത്തകൾ

മിഷൻ പ്രവർത്തനം സാമൂഹ്യക്ഷേമ പദ്ധതികളായി ചുരുക്കരുത്: മാർപാപ്പ

---

മരിയസദനം മാനവികതയുടെ മാതൃക: മാർ ജോസഫ് കല്ലറങ്ങാട്ട്

---

പ്ലസ് വൺ: സിബിഎസ്ഇ വിദ്യാർഥികൾക്ക് അവസരം നിഷേധിക്കരുത് : ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ.

---

സ്നേഹവും ഐക്യവുമുള്ള സമൂഹത്തെ വാർത്തെടുക്കണം: ആർച്ച് ബിഷപ് സാൽവതോറെ പെനാക്കിയോ

---

തെറ്റിദ്ധാരണാജനകമായ പാഠപുസ്തകം പിൻവലിക്കണം: മാർ ജോസഫ് പവ്വത്തിൽ

---

സീറോ മലബാർ സഭയിൽ പ്രേഷിതവർഷം ഓഗസ്റ്റ് 15 മുതൽ 2012 ഓഗസ്റ്റ് 15 വരെ

---

നാസി വിരുദ്ധ ജർമ്മൻ വൈദികനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

---

തൃശൂർ അതിരൂപത 125-ാം വാർഷികാഘോഷം 20ന് സേവന പദ്ധതികൾക്കു തുടക്കം

---

## വാരാന്ത്യവീക്ഷണം

തെരഞ്ഞെടുപ്പുകൾ വിലയിരുത്തപ്പെടുമ്പോൾ

**മിഷൻ പ്രവർത്തനം സാമൂഹ്യക്ഷേമ പദ്ധതികളായി ചുരുക്കരുത്: മാർപാപ്പ**

---

മിഷൻ പ്രവർത്തനം അതിസ്വാഭാവികതലത്തിലുള്ളതാണെന്ന് കത്തോലിക്കാ മിഷനറിമാരെ പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-ാ മൻ മാർപാപ്പ അനുസ്മരിപ്പിച്ചു. “ക്രിസ്തുവിലും അവിടുത്തെ വചനത്തിലും ആഴത്തിൽ വേരുറപ്പിച്ചവർക്കു മാത്രമേ ക്രിസ്തുവിലൂടെ ദൈവം നല്കിയ രക്ഷയുടെ സർവ്വാതിശയത്വം മറച്ച് മനുഷ്യാധിഷ്ഠിതവും സാമൂഹ്യവുമായ പദ്ധതികൾ മാത്രമായി സുവിശേഷപ്രഘോഷണത്തെ ചുരുക്കുകയെന്ന പ്രലോഭനത്തെ അതിജീവിക്കാൻപറ്റൂ” മാർപാപ്പ വ്യക്തമാക്കി.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയുടെ ജനറൽ അസംബ്ലിയിൽ മെയ് 14-ാം തീയതി സന്ദേശം നല്കി സംസാരിക്കുകയായിരുന്നു പരിശുദ്ധ പിതാവ്. “വചനമാണ് പ്രഘോഷിക്കപ്പെടേണ്ടതും സാക്ഷ്യം വഹിക്കപ്പെടേണ്ടതും. നിരന്തരമായ സാക്ഷ്യമില്ലെങ്കിൽ വചനം കുറച്ചുമാത്രം മനസ്സിലാക്കപ്പെടുന്നതും വിശ്വസിക്കപ്പെടുന്നതുമാകും മിഷനറിമാർക്ക് പലപ്പോഴും തങ്ങൾ അശക്തരും ദരിദ്രരും ഒക്കെയാണെന്നു തോന്നിയേക്കാം. അപ്പോഴെല്ലാം “മൺപാത്രത്തിൽ നിധി” നല്കുന്ന ദൈവത്തിന്റെ കരുത്തിലാശ്രയിച്ച് ആത്മവിശ്വാസം പുനർസൃഷ്ടിക്കാൻ കഴിയണം ദൈവമാണ് നമ്മിലൂടെ പ്രവർത്തിക്കുന്നത്”

മാർപാപ്പയുടെ മാർഗ്ഗനിർദ്ദേശത്തിലുള്ള കത്തോലിക്കാ മിഷനറി സൊസൈറ്റികൾക്കു നല്കിയിരിക്കുന്ന പേരാണ് “പൊന്തിഫിക്കൽ മിഷൻ സൊസൈറ്റി” എന്നത്.

**മരിയസദനം മാനവികതയുടെ മാതൃക: മാർ ജോസഫ് കല്ലറങ്ങാട്ട്**


---



മരിയസദനം മാനസികാരോഗ്യകേന്ദ്രം മാനവികതയുടെ മാതൃകയാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. ക്രിസ്തീയതയും ഭാരതീയതയും ഒത്തുചേർന്ന മരിയസദനത്തിന്റെ വനിതാവിഭാഗം ബ്ലോക്കിന്റെ ശിലാസ്ഥാപനവും വാർഷികാഘോഷ ഉദ്ഘാടനവും നിർവഹിച്ചു സന്ദേശം നൽകുകയായിരുന്നു മാർ കല്ലറങ്ങാട്ട്. രൂപത ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. ജോസഫ് സ്രാമ്പിക്കലിന്റെ കാർമികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയോടെയാണ് വാർഷികാഘോഷം ആരംഭിച്ചത്.

**പ്ലസ് വൺ: സിബിഎസ്ഇ വിദ്യാർഥികൾക്ക് അവസരം നിഷേധിക്കരുത് : ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ.**

---



പ്ലസ് വൺ അലോട്ട്മെന്റിൽ സി ബി എസ്ഇ വിദ്യാർഥികൾക്കുകൂടി അവസരം നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് താമരശേരി ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ. സംസ്ഥാനത്ത് ഒന്നാംഘട്ട പ്ലസ് വൺ അലോട്ട്മെന്റ് അവസാനിക്കുകയാണ്. എന്നാൽ ഈ മാസം 20ന് മാത്രമാണ് സിബിഎസ്ഇ പത്താം ക്ലാസ് വിദ്യാർഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയുള്ളൂ. ഒന്നാംഘട്ടം അവസാനിക്കുമ്പോൾ സിബിഎസ്ഇ വിദ്യാർഥികൾക്ക് അവസരം നിഷേധിക്കപ്പെടും. വിദ്യാർഥികളുടെ അവകാശ നിഷേധമാണ് ഇതുവഴിയുണ്ടാവുക. ഈ സാഹചര്യത്തിൽ സർക്കാരും വിദ്യാഭ്യാസ വകുപ്പും നീതിപൂർവകമായ നിലപാട് സ്വീകരിക്കണമെന്ന് ബിഷപ് ആവശ്യപ്പെട്ടു.

**സ്നേഹവും ഐക്യവുമുള്ള സമൂഹത്തെ വാർത്തെടുക്കണം: ആർച്ച് ബിഷപ് സാൽവതോറെ പെനാക്കിയോ**


---

സ്നേഹവും സമാധാനവും നീതിയും സഹിഷ്ണുതയും ഐക്യവും നിറഞ്ഞ സമൂഹത്തെ വാർത്തെടുക്കാൻ നമുക്ക് കഴിയണമെന്ന് ഭാരതത്തിലെ വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് സാൽവതോറെ പെനാക്കിയോ ആഹ്വാനം ചെയ്തു. പുനലൂർ രൂപതയുടെ രജതജൂബിലി ആഘോഷ സമാപനത്തോടനുബന്ധിച്ച് പുനലൂർ സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗി ക്കുകയായിരുന്നു അദ്ദേഹം. ദൈവത്തോടുള്ള പ്രതിബദ്ധത നവീകരിക്കുന്നതിനും ഉത്സാഹത്തോടും അർപ്പണ മനോഭാവത്തോടും ദൈവവചനം പ്രഘോഷിക്കുന്നതിനുമുള്ള അവസരമാണ് ജൂബിലിയാഘോഷം. രൂപതയുടെ അജപാലന- സാമൂഹ്യ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ നാടിന്റെ സമഗ്രമായ പുരോഗതിക്ക് വേണ്ടിയാണ്. ദൈവീകമായ പരിചരണത്തിൽ ആശ്രയിച്ച് ജീവിക്കാൻ മനുഷ്യന് സാധിക്കണം. സ്നേഹവും സൗഹൃദവും മനുഷ്യമനസുകളെ തമ്മിൽ കോർത്തിണക്കുമ്പോഴാണ് വിശാലമായ കാഴ്ചപ്പാടുകൾ കൈവരുന്നത്. ഇത്തരം കാഴ്ചപ്പാടുകൾ സമൂഹത്തെ നേരായ ദിശയിലേക്ക് നയിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ദൈവം നൽകിയ ദാനങ്ങൾക്ക് നന്ദിപറയാൻ പ്രാർഥനയിലൂടെ

നമുക്ക് കഴിയണം. ജീവിതത്തിൽ വന്നുപോയകുറവുകളെസംബന്ധിച്ച് പരിശോധിക്കുന്നതിനും ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവാന്മാരാകാനും നാം തയാറാകണം. വിദ്യാഭ്യാസമുള്ള പുതിയ തലമുറയുടെ കടന്നുവരവോടെ സമൂഹത്തിൽ കാതലായ മാറ്റമുണ്ടാകും. മനുഷ്യന്റെ കരുത്ത് അറിവാണെന്നും അറിവിന്റെ പാതയിലൂടെ മുന്നോട്ടുപോകുന്നവർ വിജയിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രൂപതയുടെ രജതജൂബിലി കൂട്ടായ്മ ഭവന പദ്ധതിയുടെ താക്കോൽദാനവും ആർച്ച്ബിഷപ് സാൽവതോറെ പെനാക്കിയ നിർവഹിച്ചു. ചടങ്ങിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച്ബിഷപ് ഡോ.സൂസപാക്യം അധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

## തെറ്റിദ്ധാരണാജനകമായ പാഠപുസ്തകം പിൻവലിക്കണം: മാർ ജോസഫ് പവ്വത്തിൽ



പത്താംക്ലാസിലെ വിദ്യാർഥികൾക്കായി വിദ്യാഭ്യാസവകുപ്പു തയാറാക്കിയിരിക്കുന്ന സാമൂഹികശാസ്ത്ര പാഠപുസ്തകം ചരിത്രത്തെക്കുറിച്ചു തെറ്റിദ്ധാരണ നൽകുന്ന മാർക്സിസ്റ്റ് വീക്ഷണമാണു പകർന്നുനൽകുന്നതെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. മതവിരുദ്ധത പ്രത്യയശാസ്ത്രമാക്കിയിട്ടുള്ളവർ പാഠപുസ്തകങ്ങളിലൂടെ സർക്കാർ ചെലവിൽ ആസൂത്രിതമായും വ്യാപകമായും നടത്തുന്ന മതവിരുദ്ധ പ്രചാരണങ്ങൾ അപലപനീയമാണെന്നും പാഠഭാഗങ്ങൾ പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സമൂഹത്തെയും ചരിത്രത്തെയും മതവിശ്വാസത്തെയും, പ്രത്യേകിച്ച് കത്തോലിക്കാ സഭയെ സംബന്ധിച്ച് വികലമായ ധാരണ കുട്ടികൾക്കു നൽകുംവിധമാണ് പാഠഭാഗങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. പാഠപുസ്തകത്തിലെ സാമൂഹിക വർഗീകരണവും മതവിശ്വാസങ്ങളോടും അധികാരങ്ങളോടുമുള്ള നിലപാടും വിദ്യാർഥികളെ തെറ്റിദ്ധാരണയിലേക്കും അപക്വമായ കാഴ്ചപ്പാടുകളിലേക്കും നയിക്കുന്നതാണ്. കമ്യൂണിസ്റ്റ് റഷ്യയുടെ സാമ്രാജ്യവത്കരണവും ഹിറ്റ്ലറിന്റേതിനേക്കാൾ ക്രൂരമായി സ്റ്റാലിൻ നടത്തിയ നരഹത്യകളും വിസ്മരിക്കുന്ന പാഠപുസ്തകം, മതവിരുദ്ധ സിദ്ധാന്തവും അതിന്റെ വീക്ഷണങ്ങളും കുട്ടികളുടെമേൽ അടിച്ചേൽപ്പിക്കുകയാണെന്ന് മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി.

## വികസനപദ്ധതികൾക്കായി ജനങ്ങളുടെ സ്വപ്നങ്ങൾ തല്ലിക്കെടുത്തരുത്: ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ



വികസനപദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ ജനങ്ങളുടെ സ്വപ്നങ്ങൾ തല്ലിക്കെടുത്തരുതെന്ന് ബിഷപ് ഡോ.വർഗീസ് ചക്കാലയ്ക്കൽ പറഞ്ഞു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കെസിബിസിയുടെ നൂറോളം നേതാക്കൾക്കൊപ്പം മൂലമ്പിള്ളിയിലെ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളെ സന്ദർശിക്കാനെത്തിയതായിരുന്നു അല്മായ കമ്മീഷൻ ചെയർമാൻ കൂടിയായ ബിഷപ്. വികസന പദ്ധതികളുടെ ബലിയാടുകളായി മാറുന്നവർ നീതിക്കു വേണ്ടി സമരം ചെയ്യേണ്ടി വരുന്ന ദാരുണ കാഴ്ചകളാണ് എവിടേയും കാണുന്നത്. ഈ സാഹചര്യം ഒഴിവാക്കാനാണ് ജനങ്ങളോട് കൂറുള്ള ഭരണാധികാരികൾ ശ്രമിക്കേണ്ടത്. സമയബന്ധിതമായി പുനരധിവാസം ഉറപ്പാക്കുന്നതുവരെ നീതിക്കു വേണ്ടിയുള്ള സമരത്തിൽ പാവപ്പെട്ട ഈ ജനങ്ങൾക്കൊപ്പം കെസിബിസി നിലയുറപ്പിക്കുമെന്ന് അദ്ദേഹം കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഉറപ്പു നൽകി. ബലപ്രയോഗത്തിലൂടെ കുടിയൊഴിപ്പിച്ചപ്പോൾ നടുവിന് ക്ഷതം സംഭവിച്ച് കിടപ്പിലായ പനയ്ക്കൽ ജോയിയുടെ കുടംബത്തേയും 35-ാം വിവാഹ വാർഷിക വേളയിൽ പ്ലാസ്റ്റിക് കുടിലിൽ നരകിക്കുന്ന പേരേപ്പറമ്പിൽ ആഗ്നസിന്റേയും ആന്റണിയുടേയും കുടിലിലും അദ്ദേഹം സന്ദർശിച്ചു

## സീറോ മലബാർ സഭയിൽ പ്രേഷിതവർഷം ഓഗസ്റ്റ് 15 മുതൽ 2012 ഓഗസ്റ്റ് 15 വരെ

പ്രേഷിതവർഷത്തിന്റെ ഉദ്ഘാടനം ഓഗസ്റ്റ് 15 ന് എല്ലാ രൂപതകളിലും പ്രവാസി കേന്ദ്രങ്ങളിലും നടത്തും എന്ന് സീറോ മലബാർസഭയുടെ മൗണ്ട് സെന്റ് തോമസിലുള്ള കാര്യാലയത്തിൽ നിന്നും അറിയിച്ചു. ഓഗസ്റ്റ് 15 മുതൽ 2012 ഓഗസ്റ്റ് 15 വരെ സീറോ മലബാർ സഭ പ്രേഷിതവർഷമായി ആചരിക്കും. സീറോ മലബാർ സഭയുടെ കേരളത്തിനു പുറത്തുള്ള ആദ്യ രൂപതയായ ഛാന്ദായുടെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ചാണ് പ്രേഷിത വർഷാചരണത്തിനു തുടക്കമിടുന്നത്. മാർ സെബാസ്റ്റ്യൻ വടക്കേൽ കൺവിനറായുള്ള അഞ്ചംഗ മെത്രാൻ സമിതിയാണ് പ്രേഷിതവർഷാചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. മാർ സൈമൺ സ്റ്റോക്ക് സി.എം.ഐ, മാർ ആന്റണി ചിറയത്ത്, മാർ മാത്യു അറയ്ക്കൽ, മാർ റാഫേൽ തട്ടിൽ എന്നിവരാണ് മെത്രാൻ സമിതിയിലെ അംഗങ്ങൾ. സുവി

ശേഷവൽക്കരണത്തിന്റെയും പ്രവാസികളുടെ അജപാലന ശുശ്രൂഷയുടെയും ചുമതലയുള്ള കമ്മീഷൻ തയ്യാറാക്കിയ പ്രവർത്തന പദ്ധതി 2011 ജനുവരിയിൽ നടന്ന മെത്രാന്മാരുടെ പത്തൊമ്പതാം സിനഡ് അംഗീകരിച്ചു. സീറോമലബാർ പ്രേഷിതവർഷം എന്നായിരിക്കും അറിയപ്പെടുക. "ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും". (അപ്പ . പ്രവ. 1:8) എന്ന തിരുവചനമാണ് ആദർശവാക്യമായി സ്വീകരിച്ചിരിക്കുന്നത്. സീറോ മലബാർ സഭയുടെ പ്രേഷിതാവബോധത്തെ ഉജ്ജ്വലിപ്പിക്കുക; പ്രേഷിത പ്രവർത്തനങ്ങൾക്കായി ആത്മീയവും മാനുഷീകവും ഭൗതീകവുമായ വിഭവശേഷി സമാഹരിക്കുക; സഭാംഗങ്ങളിലെല്ലാം പ്രത്യേകിച്ച് മിഷനറിമാരിൽ പ്രേഷിത തീക്ഷണത ജ്വലിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങളെന്ന് പ്രേഷിത വർഷാചരണത്തിന്റെ കേന്ദ്രസമിതിയുടെ സെക്രട്ടറി ഫാ. ജോസ് ചെറിയമ്പനാട്ട് എം.എസ്.ടി. അറിയിച്ചു. കൊടുങ്ങല്ലൂരിൽ ഓഗസ്റ്റ് 21 ന് എല്ലാമെത്രാന്മാരും ഒരുമിച്ച് പരിശുദ്ധ കുർബാന അർപ്പിക്കും. പുതിയ മേജർ ആർച്ച്ബിഷപ്പിന്റെ ആദ്യ ഇടയലേഖനം പ്രേഷിത വർഷാചരണത്തെക്കുറിച്ച് അറിയിച്ചുകൊണ്ടായിരിക്കും.

## നാസി വിരുദ്ധ ജർമ്മൻ വൈദികനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

---

നാസി ആധിപത്യത്തെ പ്രതിരോധിച്ചുകൊണ്ട് ക്രൈസ്തവ വിശ്വാസ ജീവിതം പരിപാലിച്ച തെക്കൻ ജർമ്മൻകാരനായ(ബവേറിയ) ഗിയോർഗ് ഹേഫ്നർ (George Haefner) റുടെ വാഴ്ത്തപ്പെട്ടവനായുള്ള പ്രഖ്യപനം വ്യൂസ് ബുർഗിലെ കദ്ദീഡ്രലിൽ വച്ചു നടന്നു.

ബവേറിയക്കാരനായ ബനഡിക്റ്റ് 16-ാ മൻ മാർപാപ്പയുടെ പ്രതിനിധിയായി എത്തിയ കർദ്ദിനാൾ ആൻജലോ അമാത്തോ ആണ് കർമ്മങ്ങൾക്കു നേതൃത്വം നല്കിയത്. 1942 ൽ ഡാഹാവിലെ കോൺസൺട്രേഷൻ ക്യാമ്പിൽ വച്ച് പട്ടിണിയും രോഗവും കൊണ്ടാണ് ഫാ. ഹേഫ്നർ മരണമടഞ്ഞത്. "നാസി അധിപത്യത്തിന്റെ കാലത്ത് ക്രൈസ്തവ വിശ്വാസത്തിനുവേണ്ടി ജീവിതം അർപ്പിച്ച ക്രൈസ്തവരുടെ പ്രതിനിധിയാണ്" ഫാ.ഹേഫ്നർ എന്ന് വ്യൂസ്ബുർഗ് ബിഷപ് ഹോഫ്മാൻ പറഞ്ഞു.

## തൃശൂർ അതിരൂപത 125-ാം വർഷികാഘോഷം 20ന് സേവന പദ്ധതികൾക്കു തുടക്കം

---

അതിരൂപതയുടെ 125-ാം വർഷികാഘോഷം 20ന് ഉദ്ഘാടനം ചെയ്യും. ഒരുവർഷം നീളുന്ന ആഘോഷത്തോടനുബന്ധിച്ചു നിരവധി സാമൂഹ്യസേവന ജീവകാരുണ്യ പദ്ധതികൾ നടപ്പാക്കും. ശതോത്തര രജത ജൂബിലിവർഷം കൂട്ടായ്മ വർഷമായി ആചരിക്കുമെന്നു വാർത്താസമ്മേളനത്തിൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു.

തൃശൂർ ലൂർദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ മാർപാപ്പയുടെ ഇന്ത്യയിലെ പ്രതിനിധിയായ അപ്പസ്തോലിക് നുൺഷ്യോ ആർച്ച്ബിഷപ് ഡോ. സാൽവതോറെ പെനാക്കിയോ ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും.

ആർച്ച്ബിഷപ്സ് ഹൗസിൽനിന്നു ഘോഷയാത്രയായി വിശിഷ്ടാതിഥികളെ ലൂർദ് കത്തീഡ്രലിലേക്കു സ്വീകരിച്ചാനയിക്കും. തുടർന്നു നടക്കുന്ന സമൂഹബലിയിൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമികനാകും. അതിരൂപതയുമായി ബന്ധപ്പെട്ട പത്തു മെത്രാന്മാരും അതിരൂപതയിലെ എല്ലാ വൈദികരും സഹകാർമികരാകും. ഡോ. സാൽവതോറെ പെനാക്കിയോ സന്ദേശം നല്കും. തുടർന്ന് പൊതുസമ്മേളനം ഡോ. സാൽവതോറെ പെനാക്കിയോ ഉദ്ഘാടനം ചെയ്യും. സീറോ മലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ അധ്യക്ഷനാകും. നിരവധി പ്രമുഖർ പങ്കെടുക്കും. കാരുണ്യ, സാമൂഹ്യക്ഷേമ പദ്ധതികളുടെ ഉദ്ഘാടനവും ഈ സമ്മേളനത്തിൽ നടക്കും.

വാഹന പണിമുടക്കു പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇടവകകളിൽനിന്നുള്ള പ്രതിനിധികൾക്ക് എത്തിച്ചേരാനുള്ള വാഹനങ്ങളെ പണിമുടക്കിൽനിന്ന് ഒഴിവാക്കാൻ വിവിധ രാഷ്ട്രീയകക്ഷിനേതാക്കൾ സമ്മതിച്ചിട്ടുണ്ടെന്ന് അതിരൂപതാ അധികാരികൾ പറഞ്ഞു.

ജൂബിലി സ്മാരകമായി പെരിങ്ങണ്ടൂരിൽ മനോരോഗികൾക്കായി തുടങ്ങുന്ന ട്രിച്ചൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസിന്റെ (ടിംഹാൻസ്) ഉദ്ഘാടനവും അപ്പസ്തോലിക് നുൺഷ്യോ നിർവഹിക്കും. കേന്ദ്രമന്ത്രി കെ.വി. തോമസ് മുഖ്യാതിഥിയായിരിക്കും.

125 ജൂബിലി ഭവനങ്ങൾ, 125 നിർധന യുവതികളുടെ വിവാഹത്തിന് ഒരു ലക്ഷം രൂപ വീതം ധനസഹായം, 125 കുഞ്ഞുങ്ങൾക്കു ജൂബിലി മിഷൻ ഹൃദയാലയയിൽ സൗജന്യ ആൻജിയോഗ്രാം, സ്നേഹശ്രീ മൈക്രോ ഫിനാൻസിംഗ് വിപുലീകരണം തുടങ്ങിയ ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ജൂബിലിയോടനുബന്ധിച്ച് ആസൂത്രണം ചെയ്തിട്ടുണ്ട്

മേയ് 21 മുതൽ അടുത്തവർഷം മേയ് 21 വരെ അതിരൂപ തയിലെ പള്ളികളിലും സ്ഥാപനങ്ങളിലും 13 മണിക്കൂർ ആരാധന നടക്കും. അടുത്തവർഷം മേയ് 20നു ദിവ്യകാരുണ്യ പ്രദക്ഷിണം, പ്രേഷിതറാലി, സമർപ്പിതസംഗമം, യുവജന അസംബ്ലി എന്നിവ നടത്തുമെന്നും ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു.

## തെരഞ്ഞെടുപ്പുകൾ വിലയിരുത്തപ്പെടുമ്പോൾ

ക്രൈസ്തവരുടെ നിലപാടുകളെ വികലമായി ചിത്രീകരിക്കാനും,ക്രൈസ്തവ സഭാനേതൃത്വത്തേയും വിശ്വാസികളെയും ഭിന്നിപ്പിക്കാനും ഉള്ള ശ്രമം പല കാലങ്ങളിലും പല വിധത്തിലും നടന്നിട്ടുണ്ട്. മതമേലദ്ധ്യക്ഷന്മാർ വിശ്വാസികളുടെ പിന്തുണയില്ലാത്തവരാണ് എന്ന പ്രചരണം ആസൂത്രിതമായും വ്യാപകമായും ഇപ്പോഴും നടക്കുന്നു. തെരഞ്ഞെടുപ്പു ഫലം വരുന്ന കാലം ഈ പ്രചരണ കാലമാണന്നതും ഓർക്കുന്നു. ഈ തെരഞ്ഞെടുപ്പു കാലത്തും മാധ്യമ രംഗത്തെ ആസ്ഥാനബുദ്ധിജീവികൾ ഈ ഒരു പ്രചരണവുമായി രംഗത്തെത്തിയിട്ടുണ്ട്.

ക്രൈസ്തവ നേതൃത്വം പോലെ ജനങ്ങളുമായി ഇത്രയേറെ ഇടപഴകുന്ന മറ്റു നേതൃത്വം ഉണ്ടോ എന്നു സംശയമുണ്ട്. കാരണം ക്രൈസ്തവ വിശ്വാസികളുടെ എല്ലാ ജീവിതസാഹചര്യങ്ങളിലും അവരോടു കൂടി ആയിരിക്കുകയും അവരെ പിന്തുണക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന വൈദികരാണ് നമ്മുടേത്. ക്രൈസ്തവരുടെ ദുഃഖത്തിലും സന്തോഷത്തിലും അവരുടെ നിറഞ്ഞ സാന്നിദ്ധ്യമുണ്ട്. അങ്ങനെ ജനങ്ങൾക്കു കൂട്ടിരിക്കുന്ന ഒരു സമുദായ നേതൃത്വമാണ് ക്രൈസ്തവരുടേത്.അതുകൊണ്ടാണ് ഒരു കെട്ടുറപ്പുള്ള ഒരു സമൂഹമായി അവർക്ക് നിലനില്ക്കാൻ കഴിയുന്നത്.

ഏതാണ്ട് അറുപതുലക്ഷം ക്രൈസ്തവരാണ് കേരളത്തിലുള്ളത്, അവരിൽ ഏതാണ്ട് അമ്പത്തിയഞ്ചുലക്ഷം ക്രൈസ്തവരെങ്കിലും കേരളത്തിൽ എല്ലാഞായറാഴ്ചകളിലും ദൈവാലയത്തിൽ എത്തുന്നുണ്ട്. അങ്ങനെ ആഴ്ചതോറും പ്രാദേശികമായി ഇത്രയേറെ ജനങ്ങൾ ഒരുമിച്ചു കൂടുന്ന വേറൊരു സമുദായം ഉണ്ടാകില്ല. രാഷ്ട്രീയ കക്ഷിക്കൾക്കോ സമൂഹങ്ങൾക്കോ ഇതുപോലെ പ്രാദേശികസമ്മേളനം നടത്താൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ഫലവത്തായ ബന്ധം വിശ്വാസികളും ക്രൈസ്തവ നേതൃത്വവും തമ്മിൽ പ്രത്യേകിച്ചും വിശ്വാസികൾക്ക് വൈദികരും വൈദികമേലദ്ധ്യക്ഷന്മാരുമായിട്ടുണ്ട്. ഈ ഫലവത്തായബന്ധം പഠിപ്പിക്കുന്നതിലും നയിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും ഉണ്ടാകുന്നു വെന്നതാണു യാഥാർത്ഥ്യം. മതവിരുദ്ധതയും അതിൽ നിന്നും ഉത്ഭൂതമാകുന്ന മതന്യൂനപക്ഷങ്ങളുടെ നിലനില്പിനായുള്ള അവകാശം നിഷേധിക്കുന്ന നിലപാടുകളും മതവിശ്വാസികൾ എതിർക്കുക സ്വാഭാവികം. അല്ലെങ്കിൽ അവരുടെ നിലനില്പുതന്നെ അപകടത്തിലാകും എന്നതും യാഥാർത്ഥ്യം.

മതവിരുദ്ധത പ്രത്യയ ശാസ്ത്രമായി കൊണ്ടുനടക്കുന്നവർ അത് രാഷ്ട്രീയമായി അടിച്ചേല്പിക്കാൻ ശ്രമിക്കുന്നു. അപ്പോൾ അതിനെ രാഷ്ട്രീയമായി പ്രതിരോധിക്കാൻ മതവിശ്വാസികൾ നിർബന്ധിതരാകുന്നു. അങ്ങനെയുള്ള പ്രതിരോധത്തെ വർഗ്ഗീയതയായും വിഭാഗീയതയായും ചിത്രീകരിക്കാനുള്ള ശ്രമം രാഷ്ട്രീയ പാർട്ടികൾ നടത്തുന്നു. അതിനുകഴിയാതെ വരുമ്പോൾ നേതൃത്വവും വിശ്വാസികളും തമ്മിൽ ഭിന്നിപ്പിക്കാൻ ശ്രമിക്കും, നേതൃത്വത്തിനു ജനങ്ങളുടെമേൽ സ്വാധീനമില്ലെന്നു പ്രചരിപ്പിക്കും . അതാണ് ഇപ്പോൾ നടക്കുന്നത്. അതുതിരിച്ചറിയാൻ കേരളത്തിലെ വിശ്വാസികൾക്കു കഴിയുന്നുണ്ട്.

തെരഞ്ഞെടുപ്പിനെ വിലയിരുത്തുമ്പോൾ ക്രൈസ്തവ നിലപാടിനെ ചെറുതാക്കാനുള്ളശ്രമം ചില പ്രത്യയശാസ്ത്രം ഉൾക്കൊണ്ടിരിക്കുന്ന മാധ്യമപ്രവർത്തകർ കാട്ടാറുണ്ട്. കേരളത്തിലെ ക്രൈസ്തവ സമൂഹംഏറ്റവും പ്രബുദ്ധരാണന്നും നേതൃത്വത്തോടു ചേർന്നു നില്ക്കുന്നവരാണന്നുമുള്ള യാഥാർത്ഥ്യം മറയ്ക്കാനുള്ള ശ്രമം പലപ്പോഴും വ്യക്തമാണ്.

**"Jagratha News"** – An internet news service is free and for private circulation
**Web:** www.kcbcsocialharmony.org
**Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA